സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം: വി.എസ്. ജയകുമാർ)

## സംഗ്രഹം

ദിവസവേതനക്കാരുടെ നിയമനം - ദിവസവേതന തൊഴിലാളി സഹായസമിതിയുടെ അപേക്ഷയിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 5989/13/Est-2 — നന്തൻകോട്, 17/02/2016

---

പരാമർശം :- 1) 05-02-2016 ലെ ROC 11419/15/Est-2 നമ്പർ ബോർഡുത്തരവ്.
2) ദിവസവേതന തൊഴിലാളി സഹായസമിതിയുടെ 11-11-2015 ലെ അപേക്ഷ.
3) 05-12-2015 ലെ മേൽ നമ്പർ ഉത്തരവ്.
4) ദേവസ്വം കമ്മീഷണറുടെ 23-12-2015, 22-01-2016 എന്നീ തീയതികളിലെ ROC 22128/09/Est(C) നമ്പർ റിപ്പോർട്ടുകൾ.

## ഉത്തരവ്

ദേവസ്വം ബോർഡിൽ ദിവസവേതനക്കാരായി പത്ത് പേർക്ക് കൂടി ജോലി നൽകണമെന്ന് ആവശ്യപ്പെട്ട് പാനൽ സഹിതം ലഭിച്ചിരുന്ന അപേക്ഷയിന്മേൽ (പരാമർശം - രണ്ട്) ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടതിൻപ്രകാരം (പരാമർശം - മൂന്ന്) റിപ്പോർട്ടുകൾ ലഭിച്ചു (പരാമർശം - നാല്). അതിൽ പാനലിൽ ഉൾപ്പെട്ടിട്ടുള്ള പത്ത് പേരും മുൻപ് നിയമനം ലഭിച്ചിരുന്നവരാണെന്ന് വിവരിച്ചിരുന്നതിനോടൊപ്പം, നിയമനം നൽകുന്നതിന് ഒഴിവ് വിവരങ്ങളും അറിയിച്ചിരുന്നു.

ക്ഷേത്ര ജീവനക്കാരുടെ ഡ്യൂട്ടി വ്യവസ്ഥ സംബന്ധിച്ച് പരാമർശം (1) ആയി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ബോർഡിലെ നിലവിലെ സാമ്പത്തിക സ്ഥിതിയും, പുനർവിന്യാസ നടപടിയും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ ടി ബോർഡുത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ആവശ്യമുള്ള തസ്തികകളിൽ മാത്രം പരാമർശം (2) -ൽ നിന്നും ദിവസവേതനക്കാരെ നിയമിക്കുന്നതിന്മേൽ നടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

17/2/16

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്

SK